സെഷൻ 6

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ

പ്രവർത്തന സഹായി

# കമ്യൂണിറ്റി ക്വാറന്റയിൻ സെന്റർ നടത്തിപ്പ്

## തദ്ദേശ സ്വയംഭരണ വകുപ്പ്

29.03.2020

KERALA INSTITUTE OF LOCAL ADMINISTRATION

# കമ്യൂണിറ്റി ക്വാറന്റയിൻ സെന്റർ

- കണ്ടെത്തലും മുന്നൊരുക്കവും സംബന്ധിച്ച് കാര്യങ്ങൾ കഴിഞ്ഞ സെഷനിൽ പറഞ്ഞിരുന്നല്ലോ
- അതിന്റെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളാണ് ഈ സെഷനിൽ

# ക്വാറന്റൈൻ

- ലോകാരോഗ്യസംഘടന കോവിഡ് -19 (SARS-CoV-2) പൊട്ടിപ്പുറപ്പെട്ടന്നത് പൊതുജനാരോഗ്യ അടിയന്തരാവസ്ഥയായി പ്രഖ്യാപിച്ചു കഴിഞ്ഞു.
- അണുബാധ വ്യാപനം തടയുന്നതിനുള്ള മാർഗങ്ങൾ
    - സജീവ നിരീക്ഷണം
    - നേരത്തെയുള്ള കണ്ടെത്തൽ
    - ഏകാന്ത വാസം (ഐസൊലേഷൻ )
    - ഏകാന്ത നിരീക്ഷണം (ക്വാറന്റൈൻ)
    - കേസ് മാനേജ്മെന്റും
    - സംബർക്ക പാത പിന്തുടരൽ (കോൺടാക്റ്റ് ട്രെയ്സിംഗ്)
    - സാമൂഹ്യ വ്യാപനം തടയൽ

# എന്താണ് ക്വാറന്റൈൻ ?

ഇതുവരെ കോവിഡ്19 രോഗബാധിതരല്ലെങ്കിലും, രോഗമുള്ള സ്ഥലമായോ ബാധിതരായ ആളുകളായോ, സമ്പർക്കം മൂലം (കോൺടാക്റ്റ് എന്ന് വിളിക്കുന്നു) രോഗം വരാൻ സാധ്യത കൂടുതൽ ഉള്ള വ്യക്തികളെ പ്രത്യേകം പാർപ്പിക്കുന്നതിനെ ആണ് ക്വാറൻറൈൻ എന്ന് പറയുന്നത്.

# കോവിഡ് 19

## Isolation
### ഏകാന്ത വാസം

രോഗബാധിതരെ
മറ്റുള്ളവർക്ക് പകരാത്തവിധം
ചികിത്സിക്കുന്ന സംവിധാനം

## Quarantine
### ഏകാന്ത നിരീക്ഷണം

രോഗബാധിതരുമായി
സബർക്കം പുലർത്തിയവരെ /
സംശയിക്കുന്നവരെ നിരീക്ഷണ
വിധേയമാക്കുന്ന സംവിധാനം

# കമ്യൂണിറ്റി ക്വാറൻറയ്ൻ സെൻററർ എന്നാൽ ഏകാന്തവാസത്തിനും പരിചരണത്തിനും ഉള്ള സ്ഥാപനമോ കെട്ടിടമോ ആണ്.

**കോവിഡ് പരിശോധനാ കേന്ദ്രം**

- കൊറോണ വൈറസ് ബാധിതർ ആണോ എന്നു പരിശോധിക്കുന്ന കേന്ദ്രം
- ഉദാ. PHC

**കോവിഡ് കെയർ /ട്രീറ്റ്മെൻറ് സെൻറർ**

- കൊറോണ വൈറസ് ബാധിതരെ ചികിത്സിക്കുന്ന/പരിചരിക്കുന്ന കേന്ദ്രം
- ഉദാ. ആശുപത്രികൾ

**കമ്യൂണിറ്റി ക്വാറൻറയ്ൻ സെൻറർ**

- ഇടപഴകൽ മൂലം വൈറസ് ബാധ ഉണ്ടോയെന്നപേരിൽ ഏകാന്ത നിരീക്ഷണത്തിനു വിധേയരാവുന്നവരെ താമസിപ്പിക്കുന്ന കേന്ദ്രം
- ഉദാ.ഹോസ്റ്റൽ

# കമ്യൂണിറ്റി ക്വാറന്റയിൻ സെന്ററിൽ ആരെല്ലാം വേണം ?

- ആരോഗ്യ പ്രവർത്തകർ
- ശുചിത്വ പ്രവർത്തകർ
- ഭരണകാര്യ പ്രവർത്തകർ
- വോളണ്ടിയർമാർ
- പോലീസ്

**ആരോഗ്യ പ്രവർത്തകർ**

- ആരോഗ്യസ്ഥിതി മോണിറ്റർ ചെയ്യാൻ
- ഊഷ്മാവ് ഇടക്കിടെ പരിശോധിക്കാൻ
- രോഗലക്ഷണമുണ്ടെങ്കിൽ ക്ലിനിക്കൽ പരിശോധന നടത്താൻ

**ശുചിത്വ പ്രവർത്തകർ**

- മുറി, കുളിമുറി,കക്കൂസ്, ബെഡ്ഷീറ്റ്, തുടങ്ങിയവ ശുചീകരിച്ച് അണുവിമുക്തം ആക്കുവാൻ

**ഭരണകാര്യ പ്രവർത്തകർ**

- സെൻററിൻറെ സുഗമമായ നടത്തിപ്പിന്
- ബന്ധപ്പെട്ടവർക്ക് റിപ്പോര്ട്ട് നല്കാൻ

**വോളണ്ടിയർമാർ**

- ഭക്ഷണംവിതരണം ചെയ്യാൻ
- മറ്റ് ആവശ്യ സാധനങ്ങൾ ക്രമീകരിക്കാൻ

**പോലീസ്**

- സുരക്ഷ
- നിരീക്ഷണത്തിൽ ഇരിക്കുന്നവർ പുറത്തു പോവാതെ നോക്കാൻ

# എന്തൊക്കെ ഭൌതീക സൌകര്യങ്ങൾ വേണം ?


- ഏകാന്ത വാസത്തിനുള്ള മുറി (ലഭ്യമെങ്കിൽ ബാത്റൂം അറ്റാച്ചഡ)
- വായു സഞ്ചാരം
- ശുചിത്വം
- പരിചരണ സംവിധാനം
- ഭക്ഷണം
- മാലിന്യ സംസ്കരണ സംവിധാനം
- വിനോദ-വിവര വിനിമയ സൌകര്യങ്ങൾ
- വെള്ളം, വൈദ്യുതി

# എന്തൊക്കെ സാമഗ്രികൾ വേണം ?

- ട്രിപ്പിൾ ലെയർ മാസ്ക്
- കയ്യുറ, ഏപ്രൺ
- സോപ്പ്/ സാനിറ്റൈസർ
- ബ്ലീച്ചിംഗ് ലായിനി / സോഡിയം ഹൈപ്പോ ക്ലോറൈറ്റ് ലായിനി
- മറ്റു അണുനാശിനികൾ
- ഉപയോഗിച്ച് കളയാവുന്ന ഗ്ലാസ്സുകൾ

# പ്രവർത്തകർ ശ്രദ്ധിക്കാൻ

- അന്തേവാസികളായി ഇടപഴകുമ്പോൾ
  - ഒരു മീറ്റർ അകലം പാലിക്കുക (ആരോഗ്യ പ്രവർത്തകർ ഒഴികെ )
  - ട്രിപ്പൾ ലെയർ മാസ്ക് ധരിക്കുക
  - കയ്യുറ ധരിക്കുക
- ആരോഗ്യ പ്രവർത്തകർ ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന എല്ലാ മുന്നൊരുക്കവും എടുക്കുക


അന്തേവാസി പുറത്ത് പോകാൻ
മലിനമാക്കൽ
അനുവദിക്കരുത്
അന്തേവാസി മറ്റുള്ളവരുമായി ഇടപഴകാൻ
സന്ദർശകരെ

# അന്തേവാസികൾ ശ്രദ്ധിക്കാൻ

- ശാരീരിക അകലം പാലിക്കുക
- പ്രവർത്തകരുടെ നിർദ്ദേശങ്ങൾ പാലിക്കുക
- സാധന സാമഗ്രികൾ ഇലക്ട്രോണിക്സ് ഉൾപ്പെടെ പങ്കിടാതിരിക്കുക
- ആരോഗ്യ പ്രശ്നങ്ങൾ യഥാസമയം അറിയിക്കുക
- കഴിയുമെങ്കിൽ സ്വയം നിർവഹിക്കേണ്ടവ :
  - ഉപയോഗിച്ച പാത്രങ്ങൾ കഴുകി വൃത്തിയാക്കുക
  - ഉപയോഗിച്ച വസ്ത്രങ്ങൾ അലക്കുക, ഉണക്കുക
  - ടവ്വൽ , ബെഡ്ഷീറ്റുകൾ എന്നിവ അലക്കുക
  - ഉപയോഗിക്കുന്ന കുളിമുറി, കക്കൂസ് വൃത്തിയാക്കുക
  - വ്യായാമം, വിനോദം

## ‘ശാരീരിക അകൽച്ച ,

## സാമൂഹ്യ അടുപ്പം’

## ഇതാവട്ടെ നമ്മുടെ സമീപനം

അന്തേവാസികൾക്ക് ബന്ധുക്കളുമായും സുഹൃത്തുക്കളുമായും ആശയ വിനിമയ സൌകര്യം, ദിനപ്പത്രം, പുസ്തകം, ടിവി, ഇൻററർനെറ്റ് തുടങ്ങിയ സൌകര്യങ്ങൾ ഒരുക്കാം

# ക്വാറന്റൈനിൽ ഇരിക്കണ്ട കാലാവധി:

കാറന്റൈനിൽ ആയിരിക്കേണ്ട വ്യക്തി രോഗം സ്ഥിരീകരിച്ച ആളുമായി സമ്പർക്കം ഉണ്ടായതിനു ശേഷം 14-28 ദിവസം വരെ അല്ലെങ്കിൽ മെഡിക്കൽ ടീം പറയുന്നതുവരെ ക്വാറന്റൈനിൽ ഇരിക്കേണ്ടതാണ്.

**അല്ലെങ്കിൽ**

രോഗം സംശയിക്കപ്പെടുന്ന ഒരാളുമായിട്ടാണ് സമ്പർക്കം ഉണ്ടായതെങ്കിൽ അയാളുടെ ടെസ്റ്റ് റിപ്പോർട്ടുകൾ നെഗറ്റീവ് ആകും വരെ (14 ദിവസത്തിനുളളിൽ ആകാം) ക്വാറന്റൈനിൽ ഇരികേണ്ടതാണ്.



KILA Help Desk

0487-2455000
0487-2204097
helpdesk@kila.ac.in

KILA DIGITAL REPOSITORY
www.dspace.kila.ac.in

KERALA INSTITUTE OF LOCAL ADMINISTRATION
Website : www.kila.ac.in, Email : info@kila.ac.in